4
വ്യാഴം
2018 ഒക്ടോബർ
1194 കന്നി 18

മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള
ജനൽ
ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

തളിപ്പറമ്പ പുസ്തകം 11 ലക്കം 292 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

തൃച്ചംബരം മുളങ്ങേശ്വരം ക്ഷേത്രം മലബാർ ദേവസ്വം ഏറ്റെടുക്കുന്നത് തടഞ്ഞു

സ്ഥലത്ത് സംഘർഷം • ഭക്തർ നാമജപം ചൊല്ലി പ്രതിഷേധിക്കുന്നു

തളിപ്പറമ്പ: തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിന് സമീപത്തെ മുളങ്ങേശ്വരം ശിവ ക്ഷേത്രം ഏറ്റെടുക്കാനുള്ള മലബാർ ദേവസ്വം ബോർഡിന്റെ ശ്രമം ഭക്തജനങ്ങൾ സംഘടിച്ച് തടഞ്ഞു. ഇന്ന് രാവിലെ 11 മണിയോടെയാണ് ക്ഷേത്രം ഏറ്റെടുക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് അസി. കമ്മീഷണർ വ്യന്ദ, ഡിവിഷണൽ ഓഫീസർ ഉഷ, എക്സിക്യൂട്ടീവ് ഓഫീസർ എം.ഗിരിധരൻ എന്നിവരുൾപ്പെട്ട സംഘം എത്തിയത്. തളിപ്പറമ്പ് വില്ലേജ് ഓഫീസർ ജയന്തിയെ ഏറ്റെടുക്കലിന് സാക്ഷ്യംവഹിക്കാൻ ഒപ്പം കൂട്ടിയിരുന്നു. ഇവർക്ക് സംരക്ഷണം നൽകാൻ സ്ഥലത്ത് വൻ പോലീസ് സംഘത്തെ വിന്യസിപ്പിച്ചിരുന്നു. തളിപ്പറമ്പ് സി.ഐ കെ.ജെ.വിനോയി, എസ്.ഐമാരായ കെ.ദിനേശൻ, കെ.കെ.പ്രശോഭ് (തളിപ്പറമ്പ്), ബിനുമോഹൻ (പഴയങ്ങാടി), വിനീഷ് (പരിയാരം) എന്നിവരുടെ നേതൃത്വത്തിലായിരുന്നു പോലീസ് നിലയുറപ്പിച്ചത്. എന്നാൽ ക്ഷേത്രത്തിന് മുന്നിൽ ഭക്തജനങ്ങൾ ഉദ്യോഗസ്ഥരെ തടയുകയായിരുന്നു.

ഹൈക്കോടതി ഉത്തരവിനെ തുടർന്നാണ് ക്ഷേത്രം ഏറ്റെടുക്കുന്നതെന്നാണ് ദേവസ്വം ബോർഡ് അധികൃതർ പറഞ്ഞത്. എന്നാൽ കോടതി ഉത്തരവ് കാണിക്കണമെന്ന് ഭക്തജനങ്ങൾ ആവശ്യപ്പെട്ടപ്പോൾ അത് കാണിക്കാൻ കഴിഞ്ഞില്ല. കോടതി ഉത്തരവിൽ നാലാം എതൃകക്ഷിയായ നിലവിലുള്ള ക്ഷേത്ര അധികാരികളുമായി കൂടിയാലോചിച്ച ശേഷം മാത്രമേ ഏറ്റെടുക്കാവൂ എന്നുണ്ടത്രെ. അത് മറച്ചുവെക്കാനാണ് ഉത്തരവിന്റെ കോപ്പിയില്ലാതെ വന്നതെന്നാണ് ഭക്തജനങ്ങൾ ആരോപിച്ചത്. പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ പ്രതിഷേധക്കാരെ അനുനയിപ്പിക്കാൻ ശ്രമിച്ചെങ്കിലും അതിന് വഴങ്ങാതെ ക്ഷേത്ര തിരുമുറ്റത്ത് കുത്തിയിരുന്ന് ഭക്തജനങ്ങൾ നാമജപം മുഴക്കുകയായിരുന്നു. ഭക്തജനങ്ങളുടെ എതിർപ്പിനെ തുടർന്ന് ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാൻ കഴിയില്ലെന്ന് വന്നതോടെ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ മടങ്ങുകയായിരുന്നു. കോടതി ഉത്തരവിൽ ചില അവ്യക്തതകളുണ്ടെന്നും അതിന്റെ സംശയം ദൂരീകരിക്കേണ്ടതുണ്ടെന്നും പറഞ്ഞാണ് സംഘം മടങ്ങിയത്. ബി.ജെ.പി നേതാവ് എ.പി.ഗംഗാധരൻ, വിനോദ് തലോറ, അഡ്വ. വിനോദ്, ഇ.വേണുഗോപാൽ, കോൺഗ്രസ് പ്രവർത്തകൻ പി.ടി. മനോജ് എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിഷേധം നടന്നത്. കോൺഗ്രസ് നേതാക്കളായ സഹകരണ ബാങ്ക് പ്രസിഡണ്ട് കല്ലിങ്കീൽ പത്മനാഭനും നഗരസഭ കൗൺസിലർ രജനി രമാനന്ദും സ്ഥലത്തെത്തിയിരുന്നു. ഏറെ ക്കാലം അവഗണിക്കപ്പെട്ട് തകർച്ചയിലായ മുളങ്ങേശ്വരം ക്ഷേത്രം ഭക്തജനങ്ങളുടെ നേതൃത്വത്തിൽ പുനരുദ്ധാരണം നടത്തി 79 മുതൽ വിശ്വാസികളുടെ കമ്മിറ്റിയാണ് ഭരണം നടത്തിവരുന്നത്. ഇ.വേണുഗോപാൽ പ്രസിഡണ്ടും കെ.വി.ജനാർദ്ദനൻ സെക്രട്ടറിയും പി.ടി.ചക്രപാണി ട്രഷററുമായ കമ്മിറ്റി തൊട്ടടുത്ത പരേതനായ കൃഷ്ണൻ മാസ്റ്ററുടെ സ്ഥലം വിലകൊടുത്ത് വാങ്ങിച്ച് ക്ഷേത്രത്തിന്റെ ഭാഗമാക്കിയിരുന്നു. ക്ഷേത്ര സംരക്ഷണ സമിതിയിൽ രജിസ്റ്റർ ചെയ്ത താണ് ക്ഷേത്രം. എന്ത് വിലകൊടുത്തും ഏറ്റെടുക്കൽ തടയുമെന്ന നിലപാടിലാണ് ഭക്തജനങ്ങൾ. മലബാർ ദേവസ്വം ബോർഡ് ചെയർമാൻ ഒ.കെ.വാസുമാസ്റ്ററാണ്. ബി.ജെ.പിയിൽ നിന്ന് സി.പി. എമ്മിലെത്തി ചെയർമാനായ വാസുമാസ്റ്റർ സി.പി.എമ്മിനെ തുപ്തിപ്പെടുത്താൻ വേണ്ടിയാണ് മുളങ്ങേശ്വരം ക്ഷേത്രം പിടിച്ചെടുക്കാൻ ശ്രമിക്കുന്നതെന്ന ആരോപണം ശക്തമാണ്.

ചുമതല ഏറ്റെടുക്കാനെത്തിയ ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ ഗിരിധരനെ തടയുന്നു

തൃച്ചംബരം മുളങ്ങേശ്വരം ക്ഷേത്ര കവാടത്തിൽ ഭക്തർ നാമജപം ചൊല്ലി പ്രതിഷേധിക്കുന്നു

വയനാട്ടിൽ വിഷമദ്യം കഴിച്ച് മൂന്ന് മരണം

മാനന്തവാടി: വിഷമദ്യം കഴിച്ച മൂന്നുപേർ കുഴഞ്ഞുവീണ് മരിച്ചു. വെള്ളമുണ്ട വാരാമ്പറ്റ കൊച്ചാറ കോളനിയിലെ തിഗിനായി (78), മകൻ പ്രമോദ് (35), ബന്ധു പ്രസാദ് (35) എന്നിവരാണ് മരിച്ചത്.

തിഗിനായി ഇന്നലെ ഉച്ചക്ക് വീട്ടിൽ നിന്ന് മദ്യം കഴിച്ചിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ കുഴഞ്ഞുവീണു. ആശുപത്രിയിലേക്കുള്ള വഴി മധ്യേ മരിക്കുകയും ചെയ്തു. എന്നാൽ മരണത്തിൽ ബന്ധുക്കൾക്ക് അസ്വാഭാവികത തോന്നിയിരുന്നില്ല. മൃതദേഹം ആശുപത്രിയിൽ നിന്ന് വീട്ടിലേക്ക് തിരിച്ചുകൊണ്ടുവന്ന് ഇന്ന് രാവിലെ സംസ്ക്കരിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനുള്ള ഒരുക്കങ്ങൾ നടത്തുന്നതിനിടയിൽ വീട്ടിലെ അടുക്കളയിൽ കണ്ട മദ്യം തിഗിനായിയുടെ മകൻ പ്രമോദും സഹോദരിയുടെ മകൻ പ്രസാദും എടുത്ത് പ്രസാദിന്റെ വീട്ടിൽ കൊണ്ടുപോയി കുടിച്ചു. ഉടൻ തന്നെ ഇരുവരും കുഴഞ്ഞുവീണു. മാനന്തവാടി ജില്ല ആശുപത്രിയിലേക്ക് ഇരുവരെയും എത്തിക്കുമ്പോഴേക്കും മരിച്ചിരുന്നു. ഇതോടെയാണ് വിഷമദ്യം കഴിച്ചാണ് മൂന്നുപേരും മരിച്ചതെന്ന സംശയം ഉയർന്നത്. കഴിഞ്ഞ ദിവസം കോളനിയിൽ കുട്ടിച്ചാത്തന് പൂജ നടത്തിയിരുന്നു. പൂജയുടെ ആവശ്യത്തിനായി മദ്യം വാങ്ങാൻ ഒരു സ്വർണ്ണപ്പണിക്കാരനെ ചുമതലപ്പെടുത്തിയിരുന്നു. ഇയാൾ കർണ്ണാടകത്തിൽ നിന്ന് കൊണ്ടുവന്ന മദ്യം കഴിച്ചാണ് മരണമെന്നാണ് സംശയിക്കുന്നത്. പോലീസും എക്സൈസ് അധികൃതരും സ്ഥലത്തെത്തി അന്വേഷണം തുടങ്ങി. മദ്യത്തിന്റെ ബാക്കി എക്സൈസ് സംഘം കസ്റ്റഡിയിലെടുത്തു. മൃതദേഹങ്ങൾ പോസ്റ്റുമോർട്ടത്തിന് ജില്ല ആശുപത്രിയിലേക്ക് മാറ്റി.

മരിച്ച പ്രമോദും പ്രസാദും എക്സൈസ് കസ്റ്റഡിയിലെടുത്ത മദ്യവും

യു.എ.ഇ ദിർഹം നൽകാമെന്ന് പറഞ്ഞ് 5 ലക്ഷം കവർന്നു

കാസർക്കോട്: യു.എ.ഇ. ദിർഹം നൽകാമെന്ന് പറഞ്ഞ് കോഴിക്കോട് കിനാശേരി പൂക്കുന്നുമ്മലിലെ മുഹമ്മദ് റനീസിനെ (38) തട്ടിക്കൊണ്ടുപോയി അഞ്ച് ലക്ഷം രൂപ കവർന്നതിന് ഒമ്പതുപേർക്കെതിരെ കേസ്. നബീൽ, ജിത്തു, ഷിഹാസ് തുടങ്ങിയ ഒമ്പതുപേർക്കെതിരെയാണ് കേസെടുത്തത്. തട്ടിക്കൊണ്ടുപോകാൻ ഇവർ ഉപയോഗിച്ച കാർ പോലീസ് കസ്റ്റഡിയിലെടുത്തു. കുമ്പള സ്വദേശിയായ മുഹമ്മദ് എന്ന പേരിൽ നബീൽ ദിർഹം കൈമാറാനുണ്ടെന്ന് റനീസിനെ ഫോൺ ചെയ്ത് അറിയിച്ച് വിളിച്ചുവരുത്തുകയായിരുന്നു. സുഹൃത്തുക്കളായ കരീം (40), ബഷീർ (45), സുധീർ (45) എന്നിവർക്കൊപ്പം എത്തിയ റനീസിനെ കാഞ്ഞങ്ങാട് മാവുങ്കാലിൽ നിന്ന് കാറിൽ തട്ടിക്കൊണ്ടുപോയി അഞ്ച് ലക്ഷം തട്ടിയെടുത്ത ശേഷം ഉപേക്ഷിക്കുകയായിരുന്നു. റനീസ് പരാതി നൽകിയതിനെ തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിൽ കാർ അതിഞ്ഞാലിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. ഇത് കൊല്ലത്ത് നിന്ന് തട്ടിയെടുത്തതാണെന്ന് കരുതുന്നു.

കമ്പിലിൽ തെരുവുനായ ചത്തത് വണ്ടിയിടിച്ച്

കമ്പിൽ: ടൗണിലെ പ്രകാശ് ഹോട്ടലിന് മുൻവശത്തെ റോഡിൽ ഇന്നലെ ചത്തനിലയിൽ കാണപ്പെട്ട നായ ലോറിയിടിച്ചാണ് മരിച്ചതെന്ന് പോലീസ് അന്വേഷണത്തിൽ തെളിഞ്ഞു. അതിവേഗതയിൽ വന്ന വലിയ ലോറിയിടിച്ച് നായയുടെ തല പിളരുകയായിരുന്നു. സമീപത്തെ രണ്ട് സി.സി.ടി.വി ക്യാമറയിലെ ദൃശ്യങ്ങൾ എസ്.ഐ എൻ.പി. രാഘവന്റെ നേതൃത്വത്തിൽ പരിശോധിച്ചപ്പോഴാണ് സംഭവത്തിന്റെ സത്യാവസ്ഥ പുറത്തുവന്നത്. തീവ്രവാദി സംഘടനയിൽപ്പെട്ടവർ നായയെ വെട്ടിക്കൊന്നതാണ് എന്ന രീതിയിൽ പ്രചാരണം നടന്നിരുന്നു.

കണ്ണൂർ പോലീസ്ജില്ല രണ്ടായി വിഭജിച്ചു

റൂറൽ ആസ്ഥാനത്തിന് അനുയോജ്യം തളിപ്പറമ്പ്

തളിപ്പറമ്പ: കണ്ണൂർ പോലീസ് ജില്ലാ സിറ്റി, റൂറൽ എന്നിങ്ങനെ രണ്ടായി വിഭജിച്ചു. ഇതുസംബന്ധിച്ച് അഡീഷണൽ സെക്രട്ടറി രമണി മാത്യൂ ഉത്തരവ് പുറപ്പെടുവിച്ചു. ജില്ലയുടെ വലുപ്പവും ക്രമസമാധാനപാലനത്തിലെ ജോലിഭാരവും പരിഗണിച്ചാണ് വിഭജനം. ജില്ലയിലെ 12 പോലീസ് സ്റ്റേഷൻ പരിധിയിലെ മാവോയിസ്റ്റ് സാന്നിധ്യം, കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാകുന്നതോടെയുള്ള ട്രാഫിക്, ക്രമസമാധാന പ്രശ്നങ്ങൾ, കുറ്റകൃത്യങ്ങളുടെ പെരുപ്പം, ജനസംഖ്യ വർധനവ് എന്നിവയും വിഭജനത്തിന് കാരണമായിട്ടുണ്ട്.

ജില്ലയിൽ നാല് പോലീസ് സബ് ഡിവിഷനുകളാണ് നിലവിലുള്ളത്-കണ്ണൂർ, തലശേരി, ഇരിട്ടി, തളിപ്പറമ്പ്. അതിൽ കണ്ണൂർ സബ് ഡിവിഷനിലെ കണ്ണൂർ ടൗൺ, ട്രാഫിക്,സിറ്റി, എടക്കാട്, ചക്കരക്കൽ, വളപട്ടണം, കണ്ണപുരം, അഴീക്കൽ തീരദേശം, മയ്യിൽ, കണ്ണൂർ വനിത, മട്ടന്നൂർ, മട്ടന്നൂർ വിമാനത്താവളം, തലശേരി സബ് ഡിവിഷനിലെ തലശേരി, ധർമ്മടം, ന്യൂമാഹി, പിണറായി, പാനൂർ, ചൊക്ലി, കൊളവല്ലൂർ, തലശേരി തീരദേശം, കൂത്തുപറമ്പ്, കണ്ണവം, കതിരൂർ പോലീസ് സ്റ്റേഷനുകൾ സിറ്റി ജില്ലാ പോലീസിന്റെയും പരിധിയിൽ വരും.

ഇരിട്ടി സബ്ഡിവിഷനിലെ ഇരിട്ടി, ഉളിക്കൽ, ആറളം, കരിക്കോട്ടക്കരി, പേരാവൂർ, കേളകം, മുഴക്കുന്ന്, ഇരിക്കൂർ, മാലൂർ, തളിപ്പറമ്പ് സബ്ഡിവിഷനിലെ തളിപ്പറമ്പ്, പഴയങ്ങാടി, പരിയാരം, പയ്യന്നൂർ, പെരിങ്ങോം, ചെറുപുഴ, ആലക്കോട്, കുടിയാന്മല, ശ്രീകണ്ഠപുരം, പയ്യാവൂർ സ്റ്റേഷനുകൾ റൂറൽ ജില്ലാ പോലീസിന്റെയും പരിധിയിൽ ഉൾപ്പെടും.

സിറ്റി പോലീസ് ജില്ലയുടെ ആസ്ഥാനം കണ്ണൂർ തന്നെയായിരിക്കും. എന്നാൽ റൂറൽ ജില്ലയുടെ ആസ്ഥാനമായി തളിപ്പറമ്പിനെ പരിഗണിക്കണമെന്ന ആവശ്യം ശക്തമായി ഉയർന്നിട്ടുണ്ട്. ഇരിട്ടി, തളിപ്പറമ്പ് സബ് ഡിവിഷനുകളിലെ 19 സ്റ്റേഷനുകളാണ് റൂറൽ ജില്ലയുടെ പരിധിയിൽ വരിക. അതിൽ പത്തും തളിപ്പറമ്പ് സബ്ഡിവിഷന്റെ കീഴിലാണ്. ഇരിട്ടി അടുത്തകാലത്താണ് താലൂക്കായി ഉയർത്തപ്പെട്ടത്. എന്നാൽ തളിപ്പറമ്പ് ദീർഘകാലമായി താലൂക്ക് ആസ്ഥാനമാണ്. താലൂക്കാശുപത്രി തുടങ്ങിയ സംവിധാനങ്ങൾ വലുതുമാണ്.

പുതിയ ആസ്ഥാനമന്ദിരം പണിയുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സ് അടക്കം നിർമ്മിക്കുന്നതിനും മറ്റുമായി ഏകദേശം അഞ്ചേക്കർ ഭൂമി വേണ്ടിവരും. തളിപ്പറമ്പ് ഏഴാംമൈലിന് തൊട്ടടുത്തായി ക്വാർട്ടേഴ്സുകൾ ഉൾപ്പെടെ നിർമ്മിക്കാൻ പഴയ പഴശി പദ്ധതിയുടെ ഭൂമിയുണ്ട്. സർക്കാർ വകുപ്പുകൾ തമ്മിൽ ധാരണയുണ്ടായാൽ എളുപ്പത്തിൽ വിട്ടു കിട്ടാവുന്നതാണ് ഈ ഭൂമി. കരിമ്പത്തും നാടുകാണിയിലുമായി അഞ്ചേക്കറിൽ അധികം റവന്യൂ ഭൂമിയുമുണ്ട്. ഇവയിൽ ഏതെങ്കിലും ഒന്ന് പുതിയ ആസ്ഥാനത്തിനായി തിരഞ്ഞെടുക്കാൻ കഴിയും. ഇതൊക്കെ കണക്കിലെടുത്ത് തളിപ്പറമ്പിനെ റൂറൽ ജില്ലാ പോലീസ് ആസ്ഥാനമായി പരിഗണിക്കണമെന്നാണ് ആവശ്യം.

അതേസമയം റൂറൽ ജില്ലാ പോലീസ് ആസ്ഥാനം തൽക്കാലം ധർമ്മശാലയിലായിരിക്കുമെന്നാണ് സൂചന. കെ.എ.പി കമാണ്ടന്റിന്റെ പഴയ ആസ്ഥാനത്തിന് അരികെയായിരിക്കും പുതിയ സംവിധാനമൊരുക്കുക.

ശബരിമല സ്ത്രീ പ്രവേശനത്തെ അനുകൂലിച്ച് ബി.ജെ.പി മുഖപത്രത്തിൽ ലേഖനം

കണ്ണൂർ: ശബരിമലയിൽ സ്ത്രീ പ്രവേശനം അനുവദിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധിക്കെതിരെ സംസ്ഥാനത്ത് പ്രക്ഷോഭം ആരംഭിക്കാൻ ബി.ജെ.പി തീരുമാനിച്ചിരിക്കെ സ്ത്രീ പ്രവേശനത്തെ ശക്തമായി പിന്താങ്ങിക്കൊണ്ട് പാർട്ടി മുഖപത്രമായ ജന്മഭൂമിയിൽ ലേഖനം. ഭാരതീയ വിചാരകേന്ദ്രം ഡെപ്യൂട്ടി ഡയരക്ടറായ ആർ.സഞ്ജയനാണ് 'ശബരിമല: അനാവശ്യ വിവാദങ്ങൾക്ക് പ്രസക്തിയില്ല' എന്ന തലക്കെട്ടിൽ ഇന്നത്തെ ജന്മഭൂമിയിൽ ലേഖനം പ്രസിദ്ധീകരിച്ചത്.

സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ മറവിൽ ചിലർ ഹിന്ദു സമൂഹത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കാൻ പരിശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടുവെന്നും ഇത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ലെന്നും പറഞ്ഞാണ് ലേഖനം ആരംഭിക്കുന്നത്. സുപ്രീംകോടതി ഉത്തരവ് ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ സങ്കൽപ്പങ്ങളെയോ ആചാര അനുഷ്ഠാനങ്ങളെയോ ഒരു തരത്തിലും ബാധിക്കുന്നില്ലായെന്നുമാത്രമല്ല സ്ത്രീ തീർത്ഥാടകർ (മാളികപ്പുറങ്ങൾ) വലിയ സംഖ്യയിൽ എത്തിച്ചേരുന്നത് ആ ക്ഷേത്ര സങ്കൽപ്പത്തിന്റെ മഹത്വവും പ്രശസ്തിയും വർധിപ്പിക്കാനേ ഇടയാക്കൂ. ഹിന്ദു ധർമ്മത്തെയോ സമൂഹത്തെയോ മൊത്തത്തിൽ പ്രതികൂലമായി ബാധിക്കുന്ന ഒന്നും തന്നെ ആ വിധി തീർപ്പിലില്ലെന്ന് സഞ്ജയൻ ചൂണ്ടിക്കാണിക്കുന്നു. 10-50 പ്രായപരിധിയിലുള്ള സ്ത്രീകളുടെ പ്രവേശനം നിരോധിച്ചുകൊണ്ടുള്ള ഒരു കീഴ്നടപ്പിനെയാണ് കോടതി അസാധുവാക്കിയത്. ഈ കീഴ്നടപ്പിനാകട്ടെ, ധർമ്മ-തന്ത്ര ശാസ്ത്രങ്ങളുടെയോ മതിയായ യുക്തിയുടെയോ പിൻബലമുള്ളതായി സ്ഥാപിക്കാൻ ആർക്കും കഴിഞ്ഞിട്ടുമില്ല.

കുട്ടികളുടെ ചോറൂണ് പോലുള്ള ചടങ്ങുകൾക്കായി പണ്ടുമുതലേ ഭക്തരായ സ്ത്രീകൾ ദേവസ്വം അധികൃതരുടെ അറിവോടെ ക്ഷേത്രം സന്ദർശിക്കാറുണ്ടായിരുന്നുവെന്നാണ് അറിയുന്നത്... ശബരിമലയിലെ സ്ത്രീ പ്രവേശന നിരോധനം ഏതെങ്കിലും ഒരു മത വിശ്വാസത്തിന്റെ അനിവാര്യമായ ഭാഗമല്ലായെന്നാണ് സുപ്രീംകോടതിയുടെ നിരീക്ഷണം. മത സ്വാതന്ത്ര്യം മൗലികാവകാശമാണെങ്കിലും അത് മറ്റ് മൗലികാവകാശങ്ങൾക്ക് വിരുദ്ധമാകാൻ പാടില്ലായെന്നത് ഭരണഘടനപരമായ നിഷ്കർഷയുമാണ്. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ കോടതി ഉത്തരവിന്റെ അന്തസത്തയോട് വിയോജിക്കാൻ കഴിയില്ലെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നു. ശബരിമല സന്ദർശിക്കണോ വേണ്ടയോ അഥവാ, സന്ദർശിക്കുന്നെങ്കിൽ എപ്പോൾ സന്ദർശിക്കണം എന്നീ കാര്യങ്ങൾ തീരുമാനിക്കാനുള്ള അവകാശം ഭക്തരായ സ്ത്രീകൾക്ക് തന്നെ വിട്ടുകൊടുക്കണമെന്നും ലേഖനത്തിൽ ആവശ്യപ്പെടുന്നു.

യുക്തിഹീനമായ മാമൂലുകളെ അതേപടി നിലനിർത്തുവാനുള്ള സ്ഥാപിത താൽപര്യക്കാരുടെ പരിശ്രമത്തിന് ചൂട്ടുപിടിച്ചു കൊടുക്കുന്നത് സമൂഹത്തിൽ ജീർണ്ണതയും സംഘർഷവും ചൂഷണവും വർധിക്കുവാൻ മാത്രമേ സഹായിക്കൂവെന്നും ലേഖനത്തിൽ മുന്നറിയിപ്പ് നൽകുന്നു.

സ്ത്രീ പ്രവേശനം സംബന്ധിച്ച കേസ് കോടതിയിൽ വിചാരണഘട്ടത്തിലിരിക്കെ സ്ത്രീ പ്രവേശത്തെ പിന്തുണച്ച ആർ.എസ്.എസ് കഴിഞ്ഞ ദിവസം വിധിക്കെതിരെ രംഗത്തുവന്നിരുന്നു. ബി.ജെ.പിയും സുപ്രീംകോടതി വിധിക്കെതിരെ പ്രക്ഷോഭം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനിടയിലാണ് ആർ.എസ്.എസുമായി ഏറെ അടുപ്പമുള്ള ഭാരതീയ വിചാര കേന്ദ്രത്തിന്റെ ഡെപ്യൂട്ടി ഡയരക്ടറുടെ തന്നെ ലേഖനം ജന്മഭൂമിയിൽ പ്രത്യക്ഷപ്പെട്ടത്.

പരിയാരം മെഡി. കോളേജ് പാരാമെഡിസിൻ ഹോസ്റ്റലിൽ റാഗിംഗ്

പരിയാരം: പരിയാരം മെഡി. കോളേജ് പാരാമെഡിസിൻ ഹോസ്റ്റലിൽ റാഗിംഗിന് സമാനമായ ക്രൂരമായ അക്രമം. ഫാം ഡി കോഴ്സിലെ നാലാം വർഷ വിദ്യാർത്ഥി കോഴിക്കോട് മുക്കം സ്വദേശി സഫാൻ (22) ആണ് സീനിയർ വിദ്യാർത്ഥികളുടെ അക്രമത്തിനിരയായത്. ഇന്നലെ രാത്രി 11 മണിയോടെ മോർച്ചറി പരിസരത്തെ ഹോസ്റ്റൽ വരാന്തയിൽ നിൽക്കുകയായിരുന്ന സഫാനെ സീനിയർ വിദ്യാർത്ഥികളായ പന്ത്രണ്ടോളം പേർ ചേർന്ന് അക്രമിക്കുകയായിരുന്നു. കോഴ്സ് കഴിഞ്ഞവരും ഇക്കൂട്ടത്തിലുണ്ടായിരുന്നുവത്രെ. മറ്റൊരു ഹോസ്റ്റൽ സാങ്കേതിക കാരണങ്ങളാൽ അടച്ചതിനെ തുടർന്ന് ഈ ഹോസ്റ്റലിലേക്ക് മാറ്റിയ വിദ്യാർത്ഥികളുടെ ലഗേജുമായി എത്തിയവരാണ് അക്രമം നടത്തിയത്. പരിക്കേറ്റ സഫാൻ പരിയാരം മെഡി. കോളേജിൽ ചികിത്സ തേടി. ഇന്ന് രാവിലെ പോലീസിൽ പരാതിയും നൽകി.

തയ്യൽ ക്ലാസ്സ്
സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ
എല്ലാ ഡ്രസ്സും കട്ട് ചെയ്യാനും സ്റ്റിച്ച് ചെയ്യാനും പഠിപ്പിക്കുന്നു.
കൂടാതെ വൂളൻ നൂലിൽ മാറ്റ്, ബാഗ് etc ഉണ്ടാക്കാൻ പഠിപ്പിക്കുന്നതാണ്.
ചുരുങ്ങിയ ഫീസ് മാത്രം
Contact:
Ragam Teaching Centre
Milan Complex, 1st Floor
Near Moothedath School, Taliparamba.
Mob: 9447978922, 8606442797, 6282358572